**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

വിദ്യാർത്ഥികളിൽ നിന്ന് വിവിധ കാരണങ്ങളാൽ ഫീ റീഫണ്ടിനായി ലഭിക്കുന്ന അപേക്ഷകൾ - ഫീ റീഫണ്ടിന് പ്രോസസ്സിംഗ് ഫീ ഏർപ്പെടുത്തുന്നത്- ഫിനാൻ സ് ഓഫീസർ സമർ പ്പിച്ച റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടും മുൻ ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 6246/AC A 1/2023/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 05.06.2023

---

*പരാമർശം:*-1.സർവ്വകലാശാല ഉത്തരവ് നം.306/ACA1/2020/എം.ജി.യു തീയതി, 20.01.2020
2.സർവ്വകലാശാല ഉത്തരവ് നമ്പർ. 337/AC A1/2023/എം ജി.യു തീയതി, 12.01.2023
3.23.05.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം .നമ്പർ . ഓ .എ .30/23.03/155696/AC A1-2/2022

**ഉത്തരവ്**

വിദ്യാർത്ഥികളിൽ നിന്നും വിവിധ കാരണങ്ങളാൽ ഫീ റീഫണ്ടിനായി ലഭിക്കുന്ന അപേക്ഷകളിൽ കൈക്കൊള്ളേണ്ട നടപടികൾ നിർദ്ദേശിച്ചുകൊണ്ട് പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിലെ ക്രമ നമ്പർ 3 നിർദ്ദേശം സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനും ഫീ റീഫണ്ടിനായി ലഭിക്കുന്ന അപേക്ഷകൾ സംബന്ധിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശം 2 പ്രകാരം ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തുകയും ഫിനാൻസ് ഓഫീസർ ചുവടെ ചേർക്കും വിധം റിപ്പോർട്ട് സമർപ്പിയ്ക്കുകയും ചെയ്തു.

- തെറ്റായോ അധികമായോ അടച്ച ഫീസ് തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് ലഭിക്കുന്ന ന്യായമായ അപേക്ഷകളിൽ പ്രോസസ്സിങ് ഫീ കിഴിച്ച് ബാക്കി തുക മടക്കി നൽകാവുന്നതാണ് . കൂടുതൽ വ്യക്തത ആവശ്യമായ സന്ദർഭങ്ങളിൽ ബന്ധപ്പെട്ട സേവനം നൽകുന്ന സെക്ഷനിലേയ്ക്ക് ഫയൽ നൽകുകയും റീഫണ്ടിന് ശുപാർ ശ ചെയ്യുന്ന പക്ഷം പ്രോസസ്സിംഗ് ഫീ കിഴിച്ച് ബാക്കി തുക മടക്കി നൽകാവുന്നതാണ് .
- 2000 രൂപ വരെയുള്ള എല്ലാ റീഫണ്ടിനും പ്രോസസ്സിംഗ് ഫീ ആയി 200 രൂപ ഈടാക്കാവുന്നതാണ്. അതിൽ കൂടുതലുള്ളതിന്, ഒടുക്കിയ തുകയുടെ 10 % തുക പ്രോസസ്സിംഗ് ഫീ ഇനത്തിൽ കിഴിവ് ചെയ്തുകൊണ്ട് ബാക്കി തുക റീഫണ്ട് ചെയ്യാവുന്നതാണ് (ശതമാനം കണക്കാക്കുമ്പോൾ പത്തിന്റെ അടുത്ത ഉയർന്ന ഗുണിതത്തിലേയ്ക്ക് തുക ക്രമപെടുത്താവുന്നതാണ്) .
- സാങ്കേതിക തകരാറുകൾകൊണ്ട് ഉണ്ടാകുന്ന Payment failures മൂലം തുക നഷ്ടമാകുന്നവർക്ക് പേയ്മെന്റ് ഗേറ്റ് വേ വഴി തന്നെ ഏഴ് ദിവസത്തിനകം റീഫണ്ട് ലഭിക്കാറുണ്ട്. ഇങ്ങനെ തുക തിരികെ ലഭിക്കാത്തവർക്കും രണ്ട് പ്രാവശ്യം തുക അക്കൗണ്ടിൽ നിന്നും നഷ്ടമായവർക്കും

Draft #10 of File 155696/AC A1-2/2022/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 05-Jun-2023 10:47 AM - Page 1
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

റീഫണ്ടിനായി ഓൺലൈൻ പോർട്ടൽ വഴി അപേക്ഷിക്കാവുന്നതാണ്. പേയ്മെന്റ് നടത്തി 7 ദിവസത്തിന് ശേഷവും 30 കലണ്ടർ ദിവസത്തിനുള്ളിലും ഓൺലൈൻ റീഫണ്ട് പോർട്ടലിൽ റീഫണ്ടിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

- ഓഫ് ലൈനിലുള്ള അപേക്ഷകൾ ഫീസ് അടച്ച തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. ടി സമയപരിധി കഴിഞ്ഞുള്ള റീഫണ്ട് അപേക്ഷകൾ പരിഗണിക്കുന്നതല്ല. ഓഫ് ലൈനിൽ ലഭിക്കുന്ന ടി അപേക്ഷകളിൽ 10000 രൂപ വരെയുള്ള റീഫണ്ടുകൾ ഫിനാൻസ് ഓഫീസർ തലത്തിലും 50000 രൂപ വരെയുള്ള റീഫണ്ടുകൾ രജിസ്ട്രാർ തലത്തിലും അതിന് മുകളിലുള്ള തുകയുള്ള അപേക്ഷകൾ വൈസ് ചാൻസിലർ തലത്തിലും തീർപ്പ് കല്പിക്കാവുന്നതാണ്.
- മേൽ നിർദ്ദേശങ്ങൾ 01.01.2023 തീയതിമുതലുള്ള പേയ്മെന്റുകൾക്ക് ബാധകമാക്കാവുന്നതാണ്.

ഫിനാൻസ് ഓഫീസർ സമർപ്പിച്ച പ്രസ്തുത റിപ്പോർട്ട് 23.05.2023 തീയതിയിൽ കൂടിയ സിന്റിക്കേറ്റ് യോഗം പരിഗണിയ്ക്കുകയും പരാമർശം(3) പ്രകാരം ആയത് അംഗീകരിക്കുകയും നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

തദനുസരണം പരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകുമാർ ടി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഫിലിയേറ്റഡ് കോളേജുകൾ / പഠന വകുപ്പുകൾ / സെന്ററുകൾ

2.വൈസ് ചാൻസലർ/ പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർ

3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ മാർ

4.എ.ആർ 1 (അക്കാഡമിക്)/ ഡി.ആർ 1(അക്കാഡമിക്)/ ജെ.ആർ 2 (അഡ്മിൻ)

5.സർവ്വകലാശാലയിലെ വിവിധ സെക്ഷനുകൾ

6. ഇന്റേണൽ ഓഡിറ്റ് 1/ 2 / അക്കൗണ്ട്സ് 3/ 5 /ഐ.റ്റി സെൽ 1/ 2

7.എ.സി.സി. 1/എ.സി.സി 2/ആക്ഷൻ ടേക്കൺ റിപ്പോർട്ട്

8.ഐ.ക്യു.എ.സി/ യൂണിവേഴ്സിറ്റി വെബ് സൈറ്റ്

9.സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #10 of File 155696/AC A1-2/2022/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 05-Jun-2023 10:47 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം